9-ാം വർഷം
2026
മാർച്ച് 8, 2026
നോമ്പ് 4-ാം ഞായർ



Laity Reflect on
Syro-Malabar Sunday Mass
SCRIPTURE READINGS



# വിചിത്രമായ വിധി

ഉൽപ 19 : 1-7, 10-11, 2 സാമു 12:1-7, 13-17, 2 തിമോ 2 : 22-26, മത്താ 5 : 27-32

2025 മാർച്ച് 17-ാം തീയതി അലഹബാദ് ഹൈക്കോടതി വിചിത്രമായ ഒരു വിധി പുറപ്പെടുവിച്ചു. ഒരു പതിനൊന്നുകാരിയുടെ മാറിടത്തിൽ സ്പർശിക്കുകയും പജാമയുടെ ചരട് അഴിക്കുകയും ചെയ്ത ഒരു ക്രിമിനൽ കേസുമായി ബന്ധപ്പെട്ടതായിരുന്നു വിഷയം. ഈ പ്രവർത്തികൾ കുറ്റകൃത്യം ചെയ്യാനുള്ള പ്രതിയുടെ ഉദ്ദേശ്യത്തെ തെളിയിക്കുന്നില്ലെന്നായിരുന്നു വിലയിരുത്തൽ. സുപ്രീംകോടതി ഹൈക്കോടതി ന്യായാധിപന്റെ ഈ വിധി റദ്ദു ചെയ്തു. ബോംബെ ഹൈക്കോടതിയുടെ നാഗ്പൂർ ബഞ്ചിലും ഇതിന് സമാനമായ ഒരു വിധി വന്നു. വസ്ത്രത്തിനു പുറത്തുകൂടിയുള്ള അശ്ലീല സ്പർശനം POCSO പ്രകാരമുള്ള കുറ്റകൃത്യങ്ങളുടെ കീഴിൽ വരുന്നില്ലെന്ന്. സുപ്രീം കോടതി ഈ വിധിയും റദ്ദു ചെയ്തതെന്നുള്ളത് ആശ്വാസകരം. ഒരു പ്രവൃത്തി എവിടം വരെ പോയാൽ നിയമത്തിന്റെ മുൻപിൽ കുറ്റകരം ആകും എന്നതാണെന്നുതോന്നും ഇവിടുത്തെ തർക്കവിഷയം.

ഗിരിപ്രഭാഷണം എന്ന പേരിൽ അറിയപ്പെടുന്ന മത്തായിയുടെ സുവിശേഷത്തിലെ അഞ്ചു മുതൽ ഏഴുവരെയുള്ള അദ്ധ്യായങ്ങളിൽ യേശു ധാർമ്മികതക്കൊരു പുതിയ മാനം നൽകുന്നുണ്ട്. അഞ്ചാം അദ്ധ്യായത്തിൽ ആണ് 'വ്യഭിചാരം ചെയ്യരുത്' എന്ന കല്പനയെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാട് യേശു



ഇമ്മാനുവൽ പ്ലാമൂട്ടിൽ

വ്യക്തമാക്കുന്നത്. യഹൂദരെ സംന്ധിച്ച് ഏതു കാര്യത്തിന്റെയും അവസാന വാക്ക് നിയമമായിരുന്നു. അതിനപ്പുറത്തേക്ക് ആർക്കും ഒന്നും പറയുവാനില്ല. നിയമത്തിന് ആധികാരിത ലഭിക്കുന്നത് അത് ദൈവത്തിൽ നിന്നാണ് വരുന്നത് എന്നതുകൊണ്ടാണ്. മോശ വഴി ലഭിച്ച ഈ നിയമങ്ങൾ എന്നെന്നും നിലനിൽക്കും. നിയമത്തിൽ പറയുന്നത് ഇപ്രകാരമാണ് എന്നൊരു മുഖവുരയോടു കൂടിയാണ് നിയമജ്ഞർ പഠിപ്പിച്ചിരുന്നത്. എന്നാൽ ഇവിടെ യേശു സ്വന്തം അധികാരത്തിൽ ആണ് ഓരോ കാര്യവും ഉറപ്പിച്ചു പറയുന്നത്. "വ്യഭിചാരം ചെയ്യരുത് എന്ന് കല്പിച്ചിട്ടുള്ളത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു..." അതുവരെ യഹൂദർ പാലിച്ചിരുന്ന നിയമങ്ങൾക്കപ്പുറത്തേയ്ക്ക് യേശു പോവുകയാണ്. "ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തു കഴിഞ്ഞു." അടിവസ്ത്രത്തിന്റെ ചരട് പൊട്ടിക്കുന്നതിന്റെയോ, വസ്ത്രത്തിന്റെ പുറത്തുകൂടിയുള്ള സ്പർശനത്തിന്റെയോ അപ്പുറത്തേക്ക് യേശുവിന്റെ അളവുകോൽ നീങ്ങുന്നു. ചിന്തകൾക്കോ പ്രവൃത്തികളുടെ പിന്നിലെ ഉദ്ദേശ്യങ്ങൾക്കോ യഹൂദ നിയമം വലിയ വില ഒന്നും കല്പിക്കാതിരുന്ന സാഹചര്യത്തിൽ പ്രവൃത്തി ചെയ്യുന്നവന്റെ ഉദ്ദേശ്യം, ചിന്ത, വാക്ക് എന്നിവക്കാണ് യേശു പ്രാധാന്യം കൽപ്പിക്കുന്നത്.

ഇന്ദ്രിയങ്ങളിലൂടെയുള്ള സന്ദേശങ്ങൾ നമ്മുടെ തലച്ചോറ് അപഗ്രഥിക്കുകയും ഇച്ഛ നാമ്പെടുക്കുകയും ചെയ്യുന്ന നിമിഷം മുതൽ പാപത്തിലേക്കുള്ള പ്രയാണം തുടങ്ങിക്കഴിഞ്ഞു. ബാഹ്യമായ പ്രവൃത്തിയിലാണ് അവസാനിക്കുന്നതെങ്കിലും പാപം ഹൃദയത്തിൽ ആണ് തുടക്കം കുറിക്കുന്നത്. ആന്തരികമായ വിശുദ്ധിക്ക് യേശു ഒരു പുതിയ അർത്ഥ വ്യാപ്തി നൽകുന്നു. ബാഹ്യമായ പ്രവൃത്തികൾ, ചേഷ്ടകൾ ഒന്നുമില്ലാതെ ഒരുവന് പാപം ചെയ്യാൻ സാധിക്കുമെന്നാണ് യേശു പറയുന്നത്. ദുർമോഹങ്ങളാണ് തുടക്കം. "ദുർമോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു. പാപം പൂർണ്ണ വളർച്ച പ്രാപിക്കുമ്പോൾ മരണത്തെ ജനിപ്പിക്കുന്നു." (യാക്കോ 1:14).

രോഗം വന്നിട്ട് ചികിത്സിച്ച് ഭേദമാക്കാൻ നോക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതിരിക്കാനുള്ള മുൻകരുതലുകൾ എടുക്കുക എന്നതാണ്. പ്രലോഭനങ്ങളിൽ അകപ്പെടാതിരിക്കാൻ പറ്റിയ ഏറ്റവും നല്ല മാർഗ്ഗം അതിനുള്ള സാഹചര്യങ്ങളിൽ നിന്നും അകന്നു നിൽക്കുക എന്നതാണ്. പാപം ചെയ്യാൻ നമ്മേ പ്രേരിപ്പിക്കുന്ന എന്തെങ്കിലും ഉണ്ടെങ്കിൽ, എന്തായാലും, എത്ര പ്രിയപ്പെട്ട വരാണെങ്കിലും, എത്ര ഉപയോഗപ്രദമായ കാര്യമാണെങ്കിലും, എത്ര സാമ്പത്തിക ഉയർച്ച നൽകുന്ന പദ്ധതിയാണെങ്കിലും അതെല്ലാം ഉപേക്ഷിക്കുക എന്നതാണ്.

മുൻപ് സൂചിപ്പിച്ചതുപോലെ ഇന്ദ്രിയങ്ങളിലൂടെയാണ് നമുക്ക് input ലഭിക്കുന്നത്. വിലക്കപ്പെട്ട കനികൾ മിക്കവാറും ആസ്വാദ്യവും, കണ്ണിന് കൗതുകകരവും, അഭികാമ്യവും ആണ്. അവ വേണ്ടെന്ന് വയ്ക്കുന്നത് ഏറെ പ്രയാസമുള്ള കാര്യമാണ്. അവയുടെ വശീകരണ ശക്തിയുടെ സ്വാധീനം അറിയാവുന്നതുകൊണ്ടാണ് യേശു ഒരു വിട്ടുവീഴ്ചയുമില്ലാതെ പറഞ്ഞത്, "വലതു കണ്ണ് നിനക്ക് പാപഹേതുവാകുയാണെങ്കിൽ അത് ചൂഴ്ന്നെടുത്തെറിയുക."

ഇതിന് വേറൊരു വശം കൂടിയുണ്ട്. ഒരുവൻ ആസക്തിയോടെ നമ്മേ നോക്കാൻ നാം കളമൊരുക്കരുത്. എന്റെ വസ്ത്രധാരണം, എന്റെ പെരുമാറ്റം, എന്റെ വശീകരിക്കാനുള്ള കഴിവ് ഇവയൊക്കെ അപരനെ വലയിൽ വീഴ്ത്താൻ ഞാൻ ഉപയോഗിക്കുന്നെങ്കിൽ അത് തെറ്റു തന്നെയാണ്. വീനസ് ഫ്ളൈ ട്രാപ്പു പോലെ ആകർഷിച്ച് കുഴിയിൽ ചാടിക്കാനാണ് ഞാൻ എന്റെ കഴിവുകൾ പ്രയോജനപ്പെടുത്തുന്നതെങ്കിൽ ഞാൻ തെറ്റുകാരൻ/തെറ്റുകാരിയാണ്. എന്നെ കാത്തിരിക്കുന്നത് തിരികല്ലും കടലിന്റെ ആഴവുമാണ്. (മത്താ 18:6)

രണ്ടാമത്തെ വായനയിൽ ദാവീദ് രാജാവിനെക്കുറിച്ച് നാം കേട്ടു. ദാവീദ് ദൈവത്തിന് പ്രിയങ്കരനായിരുന്നെങ്കിലും അവൻ വീണു പോയി. കാഴ്ച്ചയിൽ തുടങ്ങിയ സുഖം അവനെ പരസ്ത്രീയെ പ്രാപിക്കാൻ ഇടയാക്കി. തന്റെ തെറ്റ് മറച്ചുവയ്ക്കാൻ പല തന്ത്രങ്ങളും മെനഞ്ഞു. അവസാനം ആ കാഴ്ച്ച സുഖം അവനെ ഒരു കൊലപാതകിയാക്കി. എത്ര വലിയവനാണെങ്കിലും വീണുപോകാൻ സാദ്ധ്യതയുണ്ട്. അതുകാരണം പ്രലോഭനങ്ങളിൽ നിന്ന് ഓടി അകലുക.

## വൈവാഹിക ജീവിതത്തിന്റെ പവിത്രത

അടുത്ത ഭാഗം വിവാഹത്തിലെ അവിഭാജ്യതയെയും വിശ്വസ്തതയെയും പവിത്രതയെയും എടുത്തുകാട്ടുന്നു. മോശയുടെ നിയമം വിവാഹമോചനത്തെപ്പറ്റി പറയുന്നുണ്ട്. (നിയമ 23:1-4). അതിലെ വാക്യങ്ങൾ ഏതു വിധത്തിലും വളച്ചൊടിക്കാം. അതുകാരണം യഹൂദ നിയമ പണ്ഡിതർക്കിടയിൽ രണ്ട് പ്രമുഖ സ്ക്കൂളുകൾ ഉണ്ടായിരുന്നു. ഒരു കൂട്ടം, വ്യഭിചാരം മാത്രം വിവാഹമോചനത്തിനുള്ള കാരണമായി എടുക്കാമെന്ന് വാദിച്ചപ്പോൾ മറുപക്ഷം എന്തു നിസ്സാര കാര്യവും വിവാഹ മോചനത്തിനുള്ള കാരണമായി എടുക്കാമെന്ന നിലപാടിലെത്തി. ഏതു കാര്യത്തിലും ഉപേക്ഷാപത്രം നൽകി മൊഴിചൊല്ലാമെന്ന പ്രവണതയെ മോശയുടെ നിയമത്തിന്റെ പിൻ ബലത്തോടുകൂടെയാണെങ്കിൽ പോലും, യേശു അസന്ദിഗ്ദ്ധമായി എതിർക്കുന്നു.

ദാമ്പത്യജീവിതത്തിലാണെങ്കിലും അല്ലെങ്കിലും പ്രലോഭനങ്ങളെ അതിജീവിക്കുവാൻ നമുക്ക് ഉണർന്നിരുന്ന് പ്രാർത്ഥിക്കാം. പ്രാർത്ഥനയും ഉപവാസവും കൂടാതെ നമുക്ക് പ്രലോഭനങ്ങളെ തുരത്താൻ സാധിക്കുകയില്ല. ഈ നോമ്പുകാലം ഫലദായകമാക്കുവാൻ സർവ്വേശ്വരൻ നമ്മേ സഹായിക്കട്ടെ.

*(പൊതുമരാമത്ത് വകുപ്പ് റിട്ട. എൻജിനീയറും എഴുത്തുകാരനുമാണ് ലേഖകൻ)*

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com